# സത്രം

## ടി. പത്മനാഭൻ



സത്രം

ടി. പത്മനാഭൻ

(കഥ)

© Author

(Published with the permission of the author. No part of this content should be copied in any form.)

First published in August 2020

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: T. Padmanabhan, is an Indian short story writer, at Kanayi, Payyannur by Navaneeth Krishnan S. The image is taken from Wikimedia Commons and is gratefully acknowledged.

# സത്രം

ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു എനിക്ക് സിദ്ധാർത്ഥനിൽനിന്ന് ഒരു കത്ത് കിട്ടുന്നത്. അതുകൊണ്ട് ആദ്യം അല്പം അമ്പരപ്പുണ്ടായി. സ്വന്തം നാടായ മലപ്പുറത്തുനിന്നും ജോലിസ്ഥലമായ ഖത്തറിൽനിന്നും പിന്നെ ഔദ്യോഗികമായ യാത്രകളിൽ ലണ്ടനിൽനിന്നും ന്യൂയോർക്കിൽനിന്നും പാരീസിൽനിന്നുമൊക്കെ ആഴ്ചയിലൊരു വിളി, ഒരാവശ്യവുമില്ലെങ്കിലും, മുടങ്ങാതെയുണ്ടാവും. പക്ഷേ, ഒരിക്കൽപോലും ഒരു പിക്ചർ പോസ്റ്റ്കാർഡുപോലും അയയ്ക്കുകയുണ്ടായില്ല. ആ സിദ്ധാർത്ഥനാണ് ഇപ്പോൾ...

കത്ത് തെല്ലുനേരം തുറക്കാതെതന്നെ എന്റെ കൈയിൽ കിടന്നു - അകാരണം എന്നുപറയാൻ വയ്യ - എന്തോ ഒരു ഭയം എന്റെ ഉള്ളിലുണ്ടായിരുന്നു. ഒടുവിൽ കത്ത് തുറന്ന് വായിച്ചപ്പോൾ, സ്തംഭിച്ചുപോയി എന്നൊന്നും പറയുന്നില്ല. ഇങ്ങനെയൊക്കെയായിരിക്കും ഭവിക്കുക എന്നതിന്റെ സൂചനകൾ പലപ്പോഴായി കഴിഞ്ഞ

പത്തുകൊല്ലത്തിനിടയ്ക്ക് അയാളുടെ വാക്കുകളിൽനിന്ന് പ്രവൃത്തികളിൽനിന്ന് എനിക്ക് ലഭിച്ചിരുന്നല്ലോ. എങ്കിലും... ഇത്ര വേഗത്തിൽ അത്...

പലതും ആലോചിച്ച് ഞാനിരുന്നു. എപ്പോഴാണ് സിദ്ധാർത്ഥൻ എന്റെ ജീവിതത്തിലേക്ക് കടന്നുവന്നത്?

പത്തുകൊല്ലങ്ങൾക്കുമുമ്പ് ഒരു പരിപാടിയിൽ പങ്കെടുക്കാൻ എറണാകുളത്തേക്ക് പോയതായിരുന്നു. എന്റെ കൂടെ രാമചന്ദ്രനുമുണ്ടായിരുന്നു. മടക്കത്തിൽ വണ്ടി ആലുവയിലെത്തിയപ്പോൾ ഞങ്ങളുടെ കമ്പാർട്ട്മെന്റിലേക്ക് മൂന്ന് ചെറുപ്പക്കാർ വന്നുകയറി – മുണ്ടുടുത്ത ഒരു മലയാളിയും ഒരു സായിപ്പും ഒരറബിയും – നെടുമ്പാശ്ശേരി എയർപോർട്ടിൽനിന്ന് വരുന്നവരായിരുന്നു അവർ.

വണ്ടിയിൽ തിരക്കുണ്ടായിരുന്നില്ല. മുണ്ടുടുത്ത ചെറുപ്പക്കാരൻ എന്നെനോക്കി പുഞ്ചിരിക്കുകയും ആദരസൂചകമായി തല തെല്ല് കുനിക്കുകയും ചെയ്തു.

പൊടുന്നനെ അയാൾ എന്റെ അടുത്തേക്ക് വന്നുപറഞ്ഞു: "ക്ഷമിക്കണം. ഞാനൊരു സ്വാതന്ത്ര്യമെടുക്കുകയാണ് എന്നുവിചാരിക്കരുത് – എന്റെ കൂടെയുള്ളത് എന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരുമാണ്. നമ്മുടെ നാട് കാണാൻ വരുന്നവരാണ്. ആദ്യമായാണ് അവർ വരുന്നത്. അവർക്ക് ഞാൻ അങ്ങയെ പരിചയപ്പെടുത്തട്ടെ?"

പിന്നീട് കൂട്ടുകാരുടെ നേരെ നോക്കി അയാൾ പറഞ്ഞു: "ഞാൻ മലയാളിയാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്റെ ഭാഷയെക്കുറിച്ചും അതിന്റെ

സവിശേഷതകളെക്കുറിച്ചുമൊക്കെ നിങ്ങളോട് ഞാൻ പലപ്പോഴും പറഞ്ഞിട്ടുമുണ്ട്. പക്ഷേ, ഇവിടെവന്ന് ഇത്ര വേഗത്തിൽ എന്റെ ഭാഷയിലെ വലിയ ഒരെഴുത്തുകാരനെ നിങ്ങൾക്ക് പരിചയപ്പെടുത്തുവാൻ കഴിയുമെന്ന് ഞാൻ കരുതിയിട്ടേയില്ല. ഇപ്പോഴിനി ആ ഭാഗ്യം എനിക്ക് കൈവന്നിരിക്കുന്നു. ഇദ്ദേഹത്തിന്റെ മഹത്തായ കൃതികൾ വായിച്ചുകൊണ്ടാണ് ഞാൻ എന്റെ ബാല്യം പിന്നിട്ടത്...”

ചെറുപ്പക്കാരൻ നല്ല ആവേശത്തിലായിരുന്നു. അയാൾ പിന്നെയും പറഞ്ഞുകൊണ്ടേയിരുന്നു. അറബിയും സായിപ്പും ചെറുപ്പക്കാരന്റെ നാടകീയമായ ഭാഷണം കൗതുകത്തോടെ കേട്ടുകൊണ്ടിരുന്നു. എനിക്ക് സത്യത്തിൽ വിഷമമുണ്ടായിരുന്നു – ഒരു പരിചയവുമില്ലാത്ത രണ്ടു വിദേശികളോട് ജീവിതത്തിൽ ഞാൻ ആദ്യമായി കാണുന്ന ഒരു മലയാളി ചെറുപ്പക്കാരൻ ഇങ്ങനെയൊക്കെ... അയാൾ ആത്മാർത്ഥമായിട്ടുതന്നെയായിരിക്കും പറയുന്നത്. എന്നാലും എനിക്കെന്തോ...

പക്ഷേ, ഈ വിഷമം വളരെ വേഗം അലിഞ്ഞില്ലാതെയായി. എപ്പോഴോ ഞാനും അവരുടെ സംഭാഷണത്തിൽ പങ്കാളിയാവുകയും അങ്ങനെ അവരിൽ ഒരാളാവുകയും ചെയ്തു. പുറത്ത് മഴപെയ്യുന്നുണ്ടായിരുന്നു. കാലവർഷത്തിന്റെ ആരംഭം. ജനാലയുടെ കർട്ടൻ നീക്കി ഞാൻ വെളിയിലേക്ക് നോക്കിയിരുന്നു. കറുത്ത ഗ്ലാസിലൂടെ ഒന്നും വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നില്ല. എന്നിട്ടും ഗ്ലാസിൽ മുഖമമർത്തി പുതുമഴയുടെ ഗന്ധവും ഭംഗിയും മനസാനുകർന്നുകൊണ്ട് ഞാനവിടെയിരുന്നു...

ചെറുപ്പക്കാരൻ പറഞ്ഞു: "കാലവർഷം ഇക്കുറി നേരത്തെയാണെന്നു തോന്നുന്നു..."

ഞാൻ വിശേഷിച്ചൊന്നും പറയാതിരുന്നപ്പോൾ അയാൾ വീണ്ടും പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "മഴ വളരെ ഇഷ്ടമാണ് അല്ലേ? മഴ ഒരു കഥാപാത്രമായിത്തന്നെ വരുന്ന എത്രയോ കഥകളുണ്ട്. പിന്നെ മഴ ഒരു ആധാരശ്രുതിയായിവരുന്ന കഥകളും. എല്ലാം ഞാൻ വായിച്ചിട്ടുണ്ട്. പിന്നെ... 'കാലവർഷം' – എത്രതവണ വായിച്ചുവെന്ന് പറയാൻ കഴിയില്ല! അതിലെ ആ പെൺകുട്ടി –"

എനിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല.

അയാളുടെ കൈ പതുക്കെ അമർത്തുകമാത്രം ചെയ്തു.

വണ്ടി കോഴിക്കോട്ടെത്താറായപ്പോൾ ചെറുപ്പക്കാരനും കൂട്ടുകാരും എഴുന്നേറ്റു. അവർക്ക് അധികമൊന്നും ലഗ്ഗേജുണ്ടായിരുന്നില്ല. ചെറുപ്പക്കാരൻ പഴ്സിൽനിന്ന് വിസിറ്റിങ് കാർഡെടുത്ത് എനിക്കുതന്നിട്ട് പറഞ്ഞു: "ഇവിടെയിറങ്ങി മലപ്പുറത്തേക്ക് പോകണം. അവിടെ ഏതാനും ദിവസത്തേക്ക് ഞങ്ങളുടെ തറവാട്ടുകാവിൽ ഉത്സവമുണ്ട്. ഇവരെ അതൊന്നു കാണിക്കണം. പിന്നെ, കഴിയുമെങ്കിൽ ഒരു കഥകളിയും. എനിക്ക് ഒരപേക്ഷയുണ്ട്. നിങ്ങൾ എന്റെ വീട്ടിൽ ഒരിക്കൽ വരണം. നിങ്ങളുടെ സൗകര്യം അറിയിച്ചാൽ ഞാൻ വന്ന് കൂട്ടിക്കൊണ്ടുവന്നുകൊള്ളാം. വീട്ടിൽ അധികം ആളുകളൊന്നുമില്ല. ഞാനും അമ്മയും മാത്രം... പിന്നെ കുറെ പശുക്കളും നായ്ക്കളും പൂച്ചകളും... ഇവിടെ മാത്രമല്ല ഗൾഫിലും നിങ്ങൾ എന്റെ അതിഥിയായി വരണം എന്നാണാഗ്രഹം. ഇടയ്ക്കിടെ ഗൾഫിൽ വരാറുണ്ടല്ലോ.

ദുബായിലോ ഷാർജയിലോ ഖത്തറിലോ എവിടെയായിരുന്നാലും ഞാൻ വന്ന് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നുകൊള്ളും."

ചെറുപ്പക്കാരനോട് ഞാൻ പറഞ്ഞു: "വരാം വരാം... തീർച്ചയായും ഞാൻ വരും... വരുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ..."

അങ്ങനെ പറയുമ്പോൾ എന്റെ ശ്രദ്ധമുഴുവൻ അയാൾ ഏതാനും നിമിഷങ്ങൾക്കുമുമ്പേ എനിക്കുതന്ന കാർഡിലായിരുന്നു...

'സിദ്ധാർത്ഥകുമാർ മേനോൻ, എം.ബി.എ. (ഹാർവെഡ്)...' പന്നെ അയാളുടെ ഉദ്യോഗവിവരണങ്ങളും, ലോകമെങ്ങും ശാഖകളുള്ള അതിപ്രശസ്തമായ ഒരു അന്താരാഷ്ട്രകമ്പനിയുടെ ഗൾഫ് റീജിയന്റെ തലവൻ! ഈ കക്ഷിയാണ് ഇതുവരെയും തന്റെ സ്ഥാപനത്തിൽ ജോലിചെയ്യുന്ന അറബിക്കും സായിപ്പിനും നാരായാണഗുരുവിനെയും കുമാരാനാശാനെയും... പിന്നെ ഇവിടത്തെ കാലാവസ്ഥ, ഇവിടത്തെ പുഴകൾ, പുരാതന ക്ഷേത്രങ്ങൾ, ഉത്സവങ്ങൾ, കഥകളി തുടങ്ങി എല്ലാറ്റിനെയും കുറിച്ച് ഒരു ക്ലാസെടുക്കുന്നതുപോലെ...

ഞാൻ അമ്പരപ്പോടെ ആ മുഖത്തേക്ക് നോക്കിനിന്നു.

വണ്ടി സ്റ്റേഷനിലെത്തിയിരുന്നു. ഇറങ്ങുന്നതിനുമുൻപായി ചെറുപ്പക്കാരൻ എന്റെ കാൽതൊട്ട് വന്ദിച്ചിട്ട് പറഞ്ഞു:

"അങ്കിളിന്റെ – ഇനി ഞാൻ അങ്ങിനെയേ വിളിക്കൂ – ഫോൺ നമ്പർ അങ്കിളിന്റെ പുസ്തകങ്ങളിലുണ്ട്. ഞാൻ വിളിക്കും. വരുമ്പോൾ രാമചന്ദ്രനെയും കൂട്ടണം."

ഞാൻ പറഞ്ഞു: "കൂട്ടും... തീർച്ചയായും കൂട്ടും..."

വണ്ടി ഇളകുന്നതുവരെയും സിദ്ധാർത്ഥൻ പ്ലാറ്റ്ഫോമിൽത്തന്നെ നിന്നു.

'വരും, വിളിക്കും' എന്നൊക്കെ അയാൾ പറഞ്ഞിരുന്നുവെങ്കിലും ഞാൻ സത്യത്തിൽ അതത്ര കാര്യമായെടുത്തിരുന്നില്ല. ഒരു സുജനമര്യാദയ്ക്ക് അങ്ങനെയൊക്കെ പറഞ്ഞുവെന്നേയുള്ളൂ എന്നാണ് കരുതിയത്. പക്ഷേ, എനിക്ക് തെറ്റുപറ്റി. വിളിക്കുക മാത്രമല്ല, കണ്ണൂരിൽ എന്റെയടുത്തേക്ക് അയാൾ വരികയും ചെയ്തു.

പതുക്കെ പതുക്കെ ഞങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ കൂടുതൽ സുദൃഢമായി. അങ്ങനെയാണ് ഒരിക്കൽ യൂണിവേഴ്സിറ്റിയിൽ ഒരു പരിപാടിക്ക് പോയ എന്നെ സിദ്ധാർത്ഥൻ മലപ്പുറത്തെ തന്റെ തറവാട്ടുവീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയത്. ഹൈവേയിൽനിന്ന് ഇത്തിരി അകന്നിട്ടായിരുന്നു വീട്. കൊച്ചുകുന്നുകളെ വകഞ്ഞുമാറ്റി വളഞ്ഞും തിരിഞ്ഞും പോകുന്ന റോഡ്. ഒടുവിൽ ഒരു വലിയ ഗേറ്റിന്റെ മുൻപിലെത്തി – ഗേറ്റ് തുറന്നിട്ടിരിക്കുകയായിരുന്നു.

ഗേറ്റിന്റെ ഒരു ഭാഗത്തായി ഇരുമ്പുകമ്പി വളച്ച് എഴുതിവെച്ചിരിക്കുന്നു – 'താവളം.'

ഗേറ്റും ഇരുമ്പുകമ്പികൊണ്ടുള്ള പേരുമൊക്കെ പെയിന്റ് കാണാതെ തുരുമ്പിച്ചുകിടക്കുകയായിരുന്നു.

ഗേറ്റ് കടന്ന് ഞങ്ങളുടെ കാർ അകത്തേക്ക് പ്രവേശിച്ചപ്പോൾ രാമചന്ദ്രൻ അറിയാതെ പറഞ്ഞുപോയി:

“ഇത് കാടാണല്ലോ–”

രാമചന്ദ്രൻ പറഞ്ഞത് ശരിയായിരുന്നു. ഒരു കാട്ടിലേക്കുതന്നെയായിരുന്നു ഞങ്ങൾ പ്രവേശിച്ചിരുന്നത്.

അപ്പോൾ സിദ്ധാർത്ഥൻ ചിരിച്ചുകൊണ്ട് പറഞ്ഞു: “കാടൊന്നുമല്ല; ഞങ്ങളുടെ വീട് നിൽക്കുന്ന തറവാട്ട്പറമ്പാണ്.”

പറമ്പ് വളരെ വിശാലമായിരുന്നു. മാവ്, പിലാവ്, തെങ്ങ്, കമുക് തുടങ്ങി നിറയെ മരങ്ങളുമുണ്ടായിരുന്നു. ഗേറ്റിൽനിന്ന് നോക്കുമ്പോൾ വീട് കാണുന്നുണ്ടായിരുന്നില്ല. പറമ്പ് ഒരു കുന്നിൻചരിവിലായിരുന്നു. ഞങ്ങളുടെ കാർ പതുക്കെ താഴോട്ടിറങ്ങി ഒടുവിൽ വിശാലമായ ഒരു വീടിന്റെ മുമ്പിൽ ചെന്ന് നിന്നു.

ഞങ്ങളുടെ വരവും പ്രതീക്ഷിച്ചെന്നോണം അവിടെ വരാന്തയിൽ പ്രായം ചെന്ന ഒരു വീട്ടമ്മ നിൽക്കുന്നുണ്ടായിരുന്നു. വരാന്തയിൽ കയറിയ ഉടനെ അമ്മ എന്നോട് പറഞ്ഞു: “നല്ല ക്ഷീണമുണ്ടാവും, എന്താണ് കുടിക്കാനെടുക്കേണ്ടത്? ചായ കാപ്പിയൊന്നും കുടിക്കില്ല എന്നെനിക്കറിയാം. നല്ല സംഭാരമുണ്ട്. എടുക്കട്ടെ?”

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു:

“സംഭാരം മതി...”

രാമചന്ദ്രനെയും എന്നെയും നടുവിലത്തെ മുറിയിൽ

ഇരുത്തിയതിനുശേഷം അമ്മയും സിദ്ധാർത്ഥനും അകത്തേക്ക് പോയി.

മുറിയിൽ വലിയ ആർഭാടങ്ങളൊന്നുമുണ്ടായിരുന്നില്ല. പഴയകാലത്തെ ചില കാരണവന്മാരുടെ അല്പം പോലും മങ്ങലേറ്റിട്ടില്ലാത്ത പോർട്രെയിറ്റുകൾ ചുമരിൽ തൂങ്ങുന്നുണ്ടായിരുന്നു. ഞാൻ അത് നോക്കിനിൽക്കെ അമ്മ സംഭാരവുമായി വന്നു.

ഇത്രയും നല്ല രുചിയുള്ള സംഭാരം ഞാൻ കുടിക്കുന്നത് ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു.

എന്റെ സന്തോഷം കണ്ട് അമ്മ പറഞ്ഞു: "ഇഷ്ടായി, അല്ലേ?"

ഞാൻ പറഞ്ഞു: "വളരെ... വളരെ..."

പിന്നീട് ഞങ്ങൾ – സിദ്ധാർത്ഥനും ഞാനും, രാമചന്ദ്രൻ അമ്മയുടെ കൂടെ ഒഴിഞ്ഞ സംഭാരഗ്ലാസുകളുമായി അടുക്കളയിലേക്ക് പോയിരുന്നു – വെളിയിലേക്കിറങ്ങി. സിദ്ധാർത്ഥന്റെ ശബ്ദം കേട്ടപ്പോൾ ആലയിൽനിന്ന് പശുക്കൾ സന്തോഷത്തോടെ എത്തിനോക്കി. മുറ്റത്തിന്റെ അരികിൽതന്നെയായിരുന്നു ആല. ഇപ്പഴ് വരാം എന്നുപറഞ്ഞ് സിദ്ധാർത്ഥൻ ആലയിലേക്ക് പോയി. അല്പനേരം പശുക്കളുടെയും കിടാങ്ങളുടെയും കൂടെ ചെലവഴിച്ചതിനുശേഷം ചിരിച്ചുകൊണ്ട് വെളിയിലേക്ക് വന്നു. എന്നിട്ട് എന്നോട് പറഞ്ഞു: "മാസത്തിലൊരിക്കലെങ്കിലും ഞാൻ വീട്ടിൽ വരാറുണ്ട്. അമ്മ ഇവിടെ ഒറ്റയ്ക്കാണല്ലോ. പക്ഷേ, വീട്ടിൽ കയറുന്നതിനുമുൻപായി ഞാൻ ആലയിലേക്കാണ് പോവുക. അവിടത്തെ അമ്മമാരുടെയും

കുട്ടികളുടെയുമൊക്കെ കൂടെ കുറച്ചുനേരം... ഇന്ന് അത് നടന്നില്ലല്ലോ. അതിന്റെ പരിഭവമാണ് അവർക്ക്..."

ഞാൻ ചിരിച്ചപ്പോൾ സിദ്ധാർത്ഥൻ പറഞ്ഞു: "നിങ്ങൾക്ക് ഞാൻ പറയുന്നത് മനസ്സിലാകും എന്നെനിക്കറിയാം. കത്തുന്ന രഥചക്രമൊക്കെയെഴുതിയ ആളല്ലേ?"

ഞാൻ പറഞ്ഞു: "മനസ്സിലാവും.. മനസ്സിലാവും..."

പിന്നീട് സിദ്ധാർത്ഥന്റെ തറവാട്ടുവീടിനെക്കുറിച്ച് പറഞ്ഞു:

"തറവാട് ഭാഗിച്ചപ്പോൾ എനിക്ക് കിട്ടിയതാണ് ഇത്. അമേരിക്കയിൽ പഠിച്ച, ഗൾഫിൽ സാമാന്യം നല്ല ജോലിയുള്ള ഏതൊരു ചെറുപ്പക്കാരനും ആദ്യം ചെയ്യുക തന്റെ പഴയ വീട് പൊളിച്ചുകളയുകയാവും. എന്നിട്ട് അവിടെ വലിയ ഒരു കോൺക്രീറ്റ് കെട്ടിടം പണിയും. അതുമല്ലെങ്കിൽ ഈ പട്ടിക്കാട്ടുള്ള സ്വത്തുക്കളെല്ലാംതന്നെ കിട്ടിയ വിലയ്ക്ക് വിറ്റ് ടൗണിലേക്ക് പോകും. എന്തോ എനിക്കങ്ങിനെയൊന്നും ചെയ്യാൻ തോന്നിയില്ല. ഞാൻ ഒന്നും വിറ്റുകളഞ്ഞില്ല. വീടും പറമ്പും പാടവുമൊന്നും. വീട് വളരെ പഴയതായിരുന്നുവെങ്കിലും നല്ല കെട്ടുറപ്പുള്ളതായിരുന്നു. മരപ്പണിത്തരങ്ങളൊക്കെ നല്ല മൂത്ത തേക്കിലായിരുന്നു. ഇത്രയും വലിയ ഒരു വീട് ഞങ്ങൾക്കാവശ്യമില്ലായിരുന്നു. എങ്കിലും അത് പൂർണമായി നിലനിർത്താൻതന്നെ ഞാൻ തീരുമാനിച്ചു. എന്നാൽ കാലത്തിനനുസരിച്ച ചില്ലറ മാറ്റങ്ങൾ വരുത്താതെയുമിരുന്നില്ല. ഉദാഹരണത്തിന് ചില മുറികൾ ചെറുതായിരുന്നു. അവയുടെ നടുവിലത്തെ ചുമർ പൊളിച്ചുമാറ്റി, പിന്നെ ചില മുറികളുടെ ജനൽ ചെറുതായിരുന്നു. അവ മാറ്റി വലുതാക്കി. പിന്നെ മിക്ക

മുറികൾക്കും അറ്റാച്ച്ഡ് ബാത്ത്റൂമുണ്ടാക്കി. അടുക്കളയിലും അതുപോലെ... ഇനി വേണമെങ്കിൽ ഒരു കുറവ് പറയാം. ഇവിടെ ഒരു മുറിയിലും എ.സി.യില്ല. കരുതിക്കൂട്ടിതന്നെ വേണ്ടെന്നുവെച്ചതാണ്. വേനൽക്കാലത്ത് ചൂടനുഭവപ്പെടുകയില്ലേ എന്നുചോദിച്ചാൽ – ഇല്ല. നല്ല തട്ടുയരമുള്ള മുറികളാണ്..."

പിന്നെ, ചിരിച്ചുകൊണ്ട് സിദ്ധാർത്ഥൻ ഇത്രയും കൂടി കൂട്ടിച്ചേർത്തു:

"ഇന്നുരാത്രി നിങ്ങൾക്കനുഭവിച്ചറിയാമല്ലോ..."

ഞങ്ങൾ അനുഭവിച്ചറിയുകതന്നെ ചെയ്തു.

പിറ്റേന്ന് രാവിലെ പ്രാതലിന് അടുക്കളയിൽ ചെന്നപ്പോൾ അമ്മയ്ക്കുപുറമേ വേറെയും ഏതാനുംപേരെ അവിടെ കണ്ടു. അവരാരും മലയാളികളേ ആയിരുന്നില്ല. എന്റെ സംശയം കണ്ടപ്പോൾ സിദ്ധാർത്ഥൻ പറഞ്ഞു: "ഇവർ കുറേക്കാലമായി ഇവിടെയുണ്ട്. ഇവരാണ് കൃഷിയിലൊക്കെ സഹായിക്കുന്നത്. ആല നോക്കുന്നതും ഇവരാണ്. ഇവിടത്തെ അംഗങ്ങളെപ്പോലെത്തന്നെയാണ്. താമസവും ഭക്ഷണവുമൊക്കെ ഇവിടെത്തന്നെ. അമ്മയ്ക്കും ഇവരെ വളരെ കാര്യമാണ്. ഞാനില്ലാത്തപ്പോൾ അമ്മയെ നോക്കുന്നത് ഇവരാണല്ലോ..."

അല്പനേരത്തെ മൗനത്തിനുശേഷം സിദ്ധാർത്ഥൻ വീണ്ടും പതുക്കെ പറഞ്ഞു:

"സ്നേഹമുള്ളവരാണ്. അതാണല്ലോ വേണ്ടത് –"

ഞാൻ ചോദിച്ചു: "ഇവർക്ക് നമ്മുടെ ഭക്ഷണമൊക്കെ പിടിക്കുമോ?"

സിദ്ധാർത്ഥൻ പറഞ്ഞു: "ഓ, അതൊന്നും അവർക്കൊരു വിഷയമേയല്ല. പിന്നെ, ഇടയ്ക്ക് അവരുടെ വിശേഷദിവസങ്ങൾ വന്നാൽ ജാർഖണ്ഡിലെയും ബീഹാറിലെയും അവരുടെ സ്വന്തം വിഭവങ്ങളും ഇവിടെയുണ്ടാക്കും. ചുരുക്കിപ്പറഞ്ഞാൽ അവർ പൂർണമായും ഇവിടത്തെ ആളുകളായിമാറിക്കഴിഞ്ഞിരിക്കുന്നു. ഇനി അവരുടെ ഭാഷയെപ്പറ്റി. നിങ്ങളെക്കാൾ നല്ല മലയാളം അവർ പറയും. വേണമെങ്കിൽ ഒന്ന് സംസാരിച്ചുനോക്കൂ..."

ഞങ്ങൾ പറയുന്നത് കേട്ട് അവരെല്ലാവരും ചിരിക്കുന്നുണ്ടായിരുന്നു. അപ്പോൾ ഞങ്ങൾക്കും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഉച്ചയ്ക്കുമുമ്പായി രാമചന്ദ്രനും എനിക്കും കണ്ണൂരെത്തേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് ഞങ്ങൾ ഊണിന് നിന്നില്ല. ഞങ്ങളെ കോഴിക്കോട് റെയിൽവെസ്റ്റേഷനിലെത്തിച്ചത് സിദ്ധാർത്ഥനായിരുന്നു.

ഇത് സിദ്ധാർത്ഥന്റെ തറവാട്ടിലേക്കുള്ള ആദ്യത്തെ യാത്ര. പിന്നെയും പലവട്ടം പോയി. ഗൾഫിലെ അദ്ദേഹത്തിന്റെ താമസസ്ഥലങ്ങളിലും പോയി. ഖത്തറിലും ദുബായിലും ഷാർജയിലുമൊക്കെ.

ഖത്തറിൽ ആദ്യം പോയപ്പോൾ എയർപോർട്ടിൽ നിന്ന് സിദ്ധാർത്ഥന്റെ 'വില്ല'യിലേക്ക് പോവാൻ തിളങ്ങുന്ന ഒരു 'ബെൻറ്റ്ലി' ഓടിച്ചിരുന്നത് സിദ്ധാർത്ഥൻ

തന്നെയായിരുന്നു. വില്ലയിലെത്തിയപ്പോൾ എനിക്ക് പറയാതിരിക്കാൻ കഴിഞ്ഞില്ല:

"ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു ബെൻറ്റ്ലിയിൽ ഞാൻ കയറുന്നത്!"

ഒന്ന് പതുക്കെ പുഞ്ചിരിച്ചതല്ലാതെ സിദ്ധാർത്ഥൻ അപ്പോൾ ഒന്നും പറഞ്ഞില്ല.

ഖത്തറിലെ എന്റെ പരിപാടിയൊക്കെ കഴിഞ്ഞ് മടങ്ങുന്നതിന്റെ തലേന്ന് രാത്രി ഞങ്ങൾ ഏറെ നേരം സംസാരിച്ചിരുന്നു.

സിദ്ധാർത്ഥൻ പറഞ്ഞു: "നോക്കൂ, ഈ ആർഭാടങ്ങളൊന്നും എന്റേതല്ല; കമ്പനിയുടെതാണ്. എനിക്കിതിലൊന്നും ഒരു ഭ്രമവുമില്ല. പക്ഷേ, ഈ സ്ഥാനത്തിരിക്കുന്ന കാലത്തോളം ഇതൊന്നും നിരാകരിക്കാനും കഴിയില്ല. ചിലപ്പോഴൊക്കെ തോന്നിയിട്ടുണ്ട് – ഇതൊക്കെ വിട്ടെറിഞ്ഞ് എവിടെയെങ്കിലും പോയി ശാന്തമായി... ഇങ്ങനെ പറയുമ്പോൾ നിങ്ങൾ വിചാരിക്കരുത് എനിക്ക് കമ്പനിയിൽ എന്തെങ്കിലും വിഷമമുണ്ടെന്ന്. അങ്ങിനെയൊന്നും ഇല്ലേയില്ല. പിന്നെ, ഈ മാനേജ്മെന്റ് എന്നും എന്നോട് വളരെ നന്നായിട്ടേ പെരുമാറിയിട്ടുള്ളൂ. എന്നിൽ അവർക്ക് പൂർണവിശ്വാസവുമാണ്. പക്ഷേ, എന്നാലും..."

"നിങ്ങളോട് ഞാൻ പറഞ്ഞിട്ടുണ്ടോ എന്നറിയില്ല. വയനാട്ടിൽ എനിക്ക് കുറച്ച് സ്ഥലമുണ്ട്. മീനങ്ങാടിയിൽനിന്ന് കുറെ ഉള്ളിലാണ്. സ്ഥലം ഏറെ ഇഷ്ടപ്പെട്ടതുകൊണ്ടാണ് വാങ്ങിയത്.

പത്തേക്രയോളമുണ്ട്. അവിടെ അല്പസ്വല്പം കൃഷിയൊക്കെ തുടങ്ങിയിട്ടുണ്ട്. എല്ലാം ഓർഗാനിക്കാണ്. ഞാൻ വാങ്ങുമ്പോൾ അവിടെയൊരു കുടിലുണ്ടായിരുന്നു. ഞാൻ അത് അല്പമൊന്ന് പരിഷ്കരിച്ചു. രണ്ടുമുറികൾ കൂട്ടിച്ചേർക്കുകയും ചെയ്തു. എന്നാലും പുല്ലുമേഞ്ഞ കുടിൽതന്നെ. എന്റെ കുടിലിന് ഞാൻ ഒരു പേരുമിട്ടു:

'സത്രം.' അമ്മയെ ഞാൻ അവിടെ കൂട്ടിക്കൊണ്ടുപോയിട്ടുണ്ട്. നിങ്ങളും വരണം. നിങ്ങൾക്ക് ഇഷ്ടപ്പെടാതിരിക്കില്ല."

ഞാൻ അപ്പോൾ പെട്ടെന്ന് ചോദിച്ചു:

"നിങ്ങളുടെ തറവാട്ടുവീട്ടിൽ വന്നപ്പോൾ ചോദിക്കാൻ വിചാരിച്ചതായിരുന്നു. എന്തിനാണ് വീടിന് 'താവളം' എന്ന് പേരിട്ടതെന്ന്. നിങ്ങളുടെ തറവാട്ടുപേര് അതല്ലല്ലോ. എന്നിട്ടും, ഇപ്പോൾ മീനങ്ങാടിയിലെ കുടിൽ 'സത്ര'മാകുന്നു. എന്താണ് ഇതിന്റെയൊക്കെ?"

സിദ്ധാർത്ഥൻ അപ്പോൾ എന്നെ വിലക്കി.

പറയാം. ഞാൻ മുമ്പ് നിങ്ങളോട് പറഞ്ഞിരുന്നുവല്ലോ ചെറുപ്പത്തിലേയുള്ള എന്റെ വായനാശീലത്തെക്കുറിച്ച്. ഈ ശീലം എന്നിലുണ്ടാക്കിയത് അമ്മയായിരുന്നു. അമ്മ വളരെ ചെറുപ്പംമുതലേ പുരാണഗ്രന്ഥങ്ങൾ എന്നെക്കൊണ്ട് വായിപ്പിച്ചു. ആദ്യം വായിപ്പിച്ചത് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണമായിരുന്നു. എന്തുകൊണ്ടാണെന്നറിയില്ല ആ ഗ്രന്ഥം എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. ഭക്തികൊണ്ടൊന്നുമല്ല. എത്രതവണ അത് വായിച്ചിട്ടുണ്ടെന്ന് പറയാൻകഴിയില്ല. ഇപ്പോഴും കർക്കടകത്തിൽ ഈ ഗൾഫിലിരുന്നും അത് വായിക്കുന്നു.

അദ്ധ്യാത്മരാമായണത്തിൽ എനിക്കേറെ ഇഷ്ടപ്പെട്ടതും അതുകൊണ്ടുതന്നെ ഹൃദിസ്ഥമാക്കിയതുമായി ഏറെ വരികളുണ്ട്. എന്നാൽ എനിക്കേറെ ഇഷ്ടപ്പെട്ട രണ്ട് വരികൾ ഏതാണെന്ന് ചോദിച്ചാൽ ഞാൻ പറയുന്നതിതാണ്:

'പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുംപോലെ–'

ജീവിതത്തെക്കുറിച്ചുള്ള എഴുത്തച്ഛന്റെ ഈ ദർശനം, വിലയിരുത്തൽ എന്നെ എപ്പോഴും അത്ഭുതപ്പെടുത്താറുണ്ട്. പിന്നെ, ആ പ്രയോഗമുണ്ടല്ലോ – 'പെരുവഴിയമ്പലം' – അത് എന്നെ എപ്പോഴും ഹോണ്ട് ചെയ്തിട്ടുമുണ്ട്.

പിന്നീട് എത്രയോ കഴിഞ്ഞിട്ടാണ് എൻ.വി. എഴുതിയത്:

'ഒത്തുചേരുന്നു നാം സത്രത്തിലന്തിയിൽ
വിട്ടുപോകുന്നു പുലരിയിങ്കൽ–'

ഇതും ഏറെ ആലോചനാമൃതംതന്നെ. സൂക്ഷിച്ചുനോക്കിയാൽ എഴുത്തച്ഛന്റെ വരികളോട് ഇതിന് നല്ല സാമ്യമുണ്ട്. പുതിയകാലത്തെ വിമർശകർക്ക് എൻ.വി. എഴുത്തച്ഛനെ മോഷ്ടിച്ചതാണ് എന്ന് വേണമെങ്കിൽ പറയാം. പക്ഷേ, ഞാൻ പറയില്ല. കാരണം, എൻ.വി.യെ എനിക്കറിയാം – അതുതന്നെ.

തറവാട്ടുവീടിന് എന്തുകൊണ്ട് 'താവളം' എന്ന് പേരിട്ടതെന്ന് ചോദിച്ചപ്പോഴാണ് ഞാൻ ഇത്രയും ദീർഘമായി പറഞ്ഞത്. പക്ഷേ, അപ്പോഴും

താവളത്തിലേക്ക് വന്നില്ല. 'പെരുവഴിയമ്പല'ത്തിലും 'സത്ര'ത്തിലുമൊക്കെ ചുറ്റിത്തിരിയുകയാണ് ചെയ്തത്. ഇനി 'താവള'ത്തിലേക്കുതന്നെ വരാം.

ഇന്ന് ജീവിച്ചിരിക്കുന്ന കവികളിൽ ഞാൻ ഏറ്റവും ആദരിക്കുന്നത് സുഗതകുമാരിയെയാണ്. അവരുടെ ഒരു കൃതിയിലെ രണ്ട് വരികൾ:

'വേണം താവളമൊന്ന് രാവുകഴിയാൻ
മൂകാന്ധകാരത്തിനാൽ
കാണാതായ് വഴി ദൂരെയായെ
വിടെയോ മിന്നുന്ന ദീപാങ്കുരം –'

പ്രത്യാശയുടെ വെളിച്ചം കെടാതെ സൂക്ഷിക്കുന്ന ഈ വരികളിൽനിന്നാണ്, ഞാൻ ഇപ്പോഴും മൂളിനടക്കുന്ന ഈ വരികളിൽനിന്നാണ് 'താവള'മെടുത്തത്–

സിദ്ധാർത്ഥൻ പറഞ്ഞുനിർത്തി.

ഒരു വലിയ മഴ പെയ്തുതീർന്നതുപോലെയുണ്ടായിരുന്നു.

ഞങ്ങൾ ഒന്നും പറഞ്ഞില്ല. സിദ്ധാർത്ഥൻ പെട്ടെന്ന് പറഞ്ഞു: "ഞാൻ കുറെ ജാസ്തി പറഞ്ഞു, അല്ലേ? പോട്ടെ ക്ഷമിച്ചുകള. ഇനി നാം എപ്പോഴാണ് വീണ്ടും കാണുക? അതുകൊണ്ട് –"

സിദ്ധാർത്ഥനെ പൂർത്തിയാക്കാൻ അനുവദിക്കാതെ അപ്പോൾ ഞാൻ പറഞ്ഞു:

"ശരിയാണ്.. ഇന്ന് കുറച്ച് ജാസ്തിതന്നെയാണ് സംസാരിച്ചത്. അതുകൊണ്ട് ഒരുകാര്യംകൂടി വ്യക്തമാക്കിയേപറ്റൂ... കുറേ കാലമായി ചോദിക്കാൻ

വിചാരിക്കുന്നതാണ് – ഇങ്ങനെ ഒറ്റത്തടിയായി എത്രകാലം കഴിഞ്ഞുകൂടാമെന്നാണ് വിചാരിക്കുന്നത്? ഒരു കല്യാണമൊക്കെ വേണ്ടേ? ഇപ്പോൾതന്നെ...”

സിദ്ധാർത്ഥൻ എന്നെ വിലക്കി:

“വയസ് കുറെ കടന്നു, അല്ലേ? ശരിയാണ്, എനിക്കും അറിയാം. അമ്മ പറഞ്ഞ് പറഞ്ഞ് മടുത്തതാണ്. നോക്കൂ, ഞാൻ ബ്രഹ്മചാരിയോ സന്ന്യാസിയോ ഒന്നുമല്ല. ജീവിതത്തിൽ ഒരിക്കലും കല്യാണം കഴിക്കില്ല എന്ന വാശിയും എനിക്കില്ല. എന്റെ വിശ്വാസങ്ങളും രീതികളുമൊക്കെ പൊരുത്തപ്പെട്ടുപോകാൻ കഴിയുന്ന ഒരു യുവതി വന്നാൽ... ഈയിടെയായി എനിക്ക് തോന്നുന്നത് അങ്ങനെയൊരുവൾ എവിടെയോ മറഞ്ഞുനിൽക്കുന്നുവെന്നാണ്. മറനീക്കി പുറത്തുവന്നാൽ–”

ഞാൻ പെട്ടെന്ന് ചോദിച്ചു:

“കല്യാണമുണ്ടാകുമോ?”

സിദ്ധാർത്ഥൻ ചിരിച്ചുകൊണ്ട് പറഞ്ഞു:

“എന്തുകൊണ്ട് ഉണ്ടായിക്കൂടാ?”

ഈ സംഭാഷണത്തിനുശേഷം ഞങ്ങൾ നേരിട്ട് കണ്ടിരുന്നില്ല. പക്ഷേ, പതിവുപോലുള്ള ഫോൺ സംഭാഷണങ്ങൾക്ക് ഒരു മുടക്കവും ഉണ്ടായിരുന്നില്ല. ഇപ്പോഴിതാ ജീവിതത്തിലാദ്യമായി കത്തും വന്നിരിക്കുന്നു. പക്ഷേ, കത്തിൽ കല്യാണത്തെക്കുറിച്ച് ഒന്നുമുണ്ടായിരുന്നില്ല. അതിന്റെ മുക്കാൽ ഭാഗവും മീനങ്ങാടിയിൽ വാങ്ങിയ ഭൂമിയുടെ

വിവരണങ്ങളായിരുന്നു. അവിടത്തെ മണ്ണിന്റെ മഹത്ത്വം, കുടിലിലെ ജീവിതത്തിന്റെ സുഖം, കൂട്ടുകാരും സഹായികളുമായ ആദിവാസികളുടെ നല്ല മനസ്സ്, കുടിലിന്റെ അരികിലൂടെ ഒഴുകുന്ന തോട്ടിലെ വെള്ളത്തിന്റെ തെളിമയും തണുപ്പും. പിന്നെ, അവിടെ ചെയ്യാൻ പോകുന്ന കൃഷിയുടെ വർണനകളും...

കത്തിൽ കാര്യമായ, എന്നെ കുറെയൊക്കെ ഞെട്ടിച്ച, മറ്റൊരു വിവരവുമുണ്ടായിരുന്നു. പക്ഷേ, അത് കത്തിന്റെ ഒടുവിലായിരുന്നു.

സിദ്ധാർത്ഥൻ എഴുതി:

“ഇനി മറ്റൊരു കാര്യം. ഞാൻ കമ്പനിയിൽനിന്ന് രാജിവെച്ചു. ഇപ്പോൾ ഞാൻ പൂർണമായും സ്വതന്ത്രനാണ്. റൂസ്സോ പറഞ്ഞത് ഓർക്കുന്നില്ലേ – ‘മനുഷ്യൻ സ്വതന്ത്രനായി പിറക്കുന്നു. പക്ഷേ എവിടെയും ചങ്ങലകളിൽ’ – ആ ചങ്ങലയാണ് ഞാൻ പൊട്ടിച്ചുകളഞ്ഞത്. സത്യത്തിൽ സ്വാതന്ത്ര്യം എന്നത് എന്താണെന്ന് ഇപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. തടസ്സമില്ലാതെ ഒഴുകുന്ന വെള്ളംപോലെ, വായുപോലെ...”

കത്തും കൈയിൽ പിടിച്ച് ഏറെനേരം ഞാൻ ചിന്താധീനനായിരുന്നു.

⋆ ⋆ ⋆

(2020 മാതൃഭൂമി ഓണപ്പതിൽ പ്രസിദ്ധീകരിച്ച കഥ. കഥാകൃത്തിന്റെ അനുമതിയോടെ പുനഃപ്രസിദ്ധീകരിക്കുന്നത്.)

## ടി. പത്മനാഭൻ



1931ൽ കണ്ണൂർ ജില്ലയിലെ പള്ളിക്കുന്നിൽ ജനനം. അച്ഛൻ പുതിയടത്ത് കൃഷ്ണൻ നായർ. അമ്മ ദേവകി എന്ന അമ്മുക്കുട്ടിയമ്മ. ചിറക്കൽ രാജാസ് ഹൈസ്ക്കൂളിലും മംഗലാപുരം ഗവൺമെന്റ് കോളേജിലും പഠനം. കുറച്ചുകൊല്ലം കണ്ണൂരിൽ വക്കീലായി പ്രാക്ടീസ് ചെയ്തു. ശേഷം എഫ്.എ.സി.ടി(FACT)യിൽ ഉദ്യോഗസ്ഥനായിരുന്നു. 1989ൽ ഡപ്യൂട്ടി ജനറൽ മാനേജരായി റിട്ടയർ ചെയ്തു. പത്നി കല്ലന്മാർതൊടി ഭാർഗ്ഗവി 2014-ൽ അന്തരിച്ചു.

1948 മുതൽ കഥകളെഴുതുന്നു. ഇന്ത്യയിലെ എല്ലാ ഭാഷകളിലും കഥകളുടെ തർജ്ജമകൾ വന്നിട്ടുണ്ട്.

പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, ഒരു കഥാകൃത്ത് കുരിശിൽ, മഖൻ സിംഗിന്റെ മരണം, ടി. പത്മനാഭന്റെ തിരഞ്ഞെടുത്ത കൃതികൾ, സാക്ഷി, ഹാരിസൺ സായ്‌വിന്റെ നായ, വീടു നഷ്ടപ്പെട്ട കുട്ടി, കാലഭൈരവൻ, കത്തുന്ന ഒരു രഥ ചക്രം, നളിനക, ഗൗരി തുടങ്ങിയവ ചില കൃതികൾ മാത്രം.

എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.